6. നബാർഡ് സ്കീമിൽ ഉൾപ്പെടുന്ന 5 ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

7. കുറുകുറ്റി-മൂക്കന്നൂർ-മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകളിലും അങ്കമാലി മുനിസിപ്പാലിറ്റിയിലും കാലഹരണപ്പെട്ട എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജല വകുപ്പ്

നിലവിൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ / വാട്ടർ അതോറിറ്റി പ്രവൃത്തികൾ

189 (854) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയും നടപ്പിലാക്കാൻ അനുമതി നൽകിയിരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും, ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിരുന്നതെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നവ, നിർമ്മാണം ആരംഭിക്കാത്തവ എന്നിവ ഏതെന്നും ഇവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാമോ ?

ഉത്തരം

(എ), (ബി) ജലസേചന വകുപ്പ്

കായംകുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മൈനർ, മേജർ ജലസേചന വിഭാഗങ്ങൾ മുഖാന്തിരം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളും, തുകയും അവയുടെ നിലവിലെ സ്ഥിതി വിവരവും ചുവടെ ചേർക്കുന്നു :

I മേജർ വകപ്പ്

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക ലക്ഷത്തിൽ	നിലവിലെ സ്ഥിതി
	2011-12		
1	കായംകുളം മുനിസിപ്പാലിറ്റിയിൽ കറ്റിപ്പുറം സ്ലൂൾ മീനത്തേരിൽ വടക്കേതിലുമായി ബന്ധിപ്പിച്ച് ആറു കടമ്പതോടിനു കുറുകെ ഒരു ഡ്രെയിനേജ് കൾവർട്ടിന്റെ നിർമ്മാണം	7.00	പ്രവൃത്തി പൂർത്തീകരിച്ചു
2	കായംകുളം മുനിസിപ്പാലിറ്റിയിൽ വേമ്പനാട് ബ്രിഡ്ജിന് മുകൾഭാഗം മലയൻ കനാലിന്റെ ഇടതുകരയുടെ സംരക്ഷണ പ്രവൃത്തികൾ	3.50	പ്രവൃത്തി പൂർത്തീകരിച്ചു
3	കായംകുളം ബോട്ട് റേയ്സ്ഡ് 2010- കായംകുളം മുനിസിപ്പാലിറ്റിയിൽ ബോട്ട് ക്ലബ്ബിൽ ഒരു താത്ക്കാലിക പ്ലാറ്റ്ഫോമിന്റെയും, ബോട്ട് ജെട്ടിയുടെയും നിർമ്മാണം	1.50	പ്രവൃത്തി പൂർത്തീകരിച്ചു
4	കായംകുളം മുനിസിപ്പാലിറ്റിയിൽ ഡി.റ്റി.പി.സി.യുടെ തെക്ക് ഭാഗത്ത് നിന്നും പടിഞ്ഞാറോട്ട് കായംകുളം കായലിന്റെ തെക്കേതീര സംരക്ഷണം	10.00	പ്രവൃത്തി പൂർത്തീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2012-13

1	കായംകുളത്ത് സി.എം.എസ്.എൽ.പി. സ്കൂളിനെ ബന്ധിപ്പിച്ച് ആറു കടമ്പ തോടിന് കുറുകെയുള്ള കൾവർട്ടിന് മറ്റൊരു സ്പാൻ കൂടി നൽകി നിർമ്മാണം	4.25	പ്രവൃത്തി പൂർത്തീകരിച്ചു.
2	കായംകുളം മുനിസിപ്പാലിറ്റിയിൽ കായംകുളം ജുമാമസ്ജിദിന് സമീപം കരിപ്പുഴ കനാലിന്റെ തീരസംരക്ഷണം	10.00	പ്രവൃത്തിപൂർത്തീകരിച്ചു

2014-15

1	കായംകുളം നിയോജകമണ്ഡലത്തിൽ, കായംകുളം മുനിസിപ്പാലിറ്റി പാലസ് വാർഡ് 31-ൽ തോണ്ടാലിൽ കുന്നേൽ പാലത്തിന് കീഴ്ഭാഗം ഒരുതുമ്പിന്റെ നിർമ്മാണം	4.50	പ്രവൃത്തി ടെണ്ടർ നടപടികളിലാണ്
2	കായംകുളം നിയോജകമണ്ഡലത്തിൽ, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 16-10 എന്നിവയെ ബന്ധിപ്പിച്ച് കൊണ്ട് ആറു കടമ്പ തോടിന് കുറുകെ ഒരു ആംബുലൻസ് ബ്രിഡ്ജിന്റെ നിർമ്മാണം	25.00	പ്രവൃത്തി ടെണ്ടർ നടപടികളിലാണ്
3	കായംകുളം മുനിസിപ്പാലിറ്റിയിൽ വാർഡ് 31-ൽ ചിറയിൽപ്പടി ഭാഗത്ത് മലയൻ കനാലിന്റെ ഇടതുകരയുടെ സംരക്ഷണ പ്രവൃത്തികൾ	15.00	പ്രവൃത്തി ടെണ്ടർ നടപടികളിലാണ്

II മൈനർ വകുപ്പ്

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക ലക്ഷത്തിൽ	നിലവിലെ സ്ഥിതി
	2011-12		
1	കായംകുളം മുനിസിപ്പാലിറ്റിയിൽ 34-ാം വാർഡിൽ കന്നയ്യൽ കിഴക്കുഭാഗം മുതൽ കമ്മ്യൂണിറ്റി ഹാളിന് തെക്കുവശം വരെയുള്ള ഓട നിർമ്മാണം	12.25	പ്രവൃത്തി പൂർത്തീകരിച്ചു
	2012-13		
1	കായംകുളം മുനിസിപ്പാലിറ്റിയിൽ 4-ാം വാർഡിൽ കോട്ടയത്ത് തോടിന്റെ സംരക്ഷണ പ്രവൃത്തി	12.18	പ്രവൃത്തി പൂർത്തീകരിച്ചു
	2013-14: ഇല്ല		
	2014-15		
1	മുതുകുളം പഞ്ചായത്തിലെ ചക്കുകുളങ്ങര പാടശേഖരം തോടിന് സംരക്ഷണഭിത്തിയും കവറിംഗ് സ്ലാബും നിർമ്മാണം	8.40	ടെണ്ടർ ചെയ്തു പ്രതികരണം ഉണ്ടായില്ല

കേരള ജല അതോറിറ്റി

കായംകുളം മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

പൊഴിക്കര റെഗുലേറ്റർ പദ്ധതി

190 (855) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് തയ്യാറാക്കിയ പൊഴിക്കര റെഗുലേറ്റർ പദ്ധതി ഏത് വർഷത്തിലാണ് പ്രൊപ്പോസ് ചെയ്തത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly